**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 68331/AC A1-3/2021/AC A 1 തീയതി: 29.03.2021

പ്രിയദർശിനി ഹിൽസ്

**സർക്കുലർ**

വിഷയം:- സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ മധ്യവേനലവധി ക്രമീകരണം സംബന്ധിച്ച്.

സൂചന :- ____________

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ മധ്യവേനലവധി 2021 ഏപ്രിൽ 1 മുതൽ മെയ് 31 വരെ ആയി ക്രമീകരിച്ചിരിക്കുന്നു . കോവിഡ് മഹാമാരി നിലനിൽക്കുന്ന പശ്ചാത്തലത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ മധ്യവേനൽ അവധിയുമായി ബന്ധപ്പെട്ട് പാലിക്കേണ്ടതാണ്.

1. സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ മധ്യവേനലവധി 2021 ഏപ്രിൽ 1 മുതൽ മെയ് 31 വരെ ആയിരിക്കും
2. മധ്യവേനൽ അവധിക്ക് ശേഷം കോളേജുകൾ 2021 ജൂൺ ഒന്നാം തീയതി തുറന്നു പ്രവർത്തിക്കുന്നതാണ്.
3. ക്ലാസുകൾ തീരാനുള്ള പക്ഷം മധ്യവേനൽ അവധിക്കാലത്ത് ഓൺലൈൻ ആയി ക്ലാസുകൾ നടത്തേണ്ടതാണ്.
4. ഓഫ്‌ലൈൻ ആയി ക്ലാസുകൾ നടത്തുവാൻ അദ്ധ്യാപകർ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ കോവിഡ് മാനദണ്ഡം അനുസരിച്ച് അതിനുള്ള ക്രമീകരണങ്ങൾ സ്ഥാപന മേലധികാരി നടത്തേണ്ടതാണ്.
5. മധ്യവേനൽ അവധിക്കാലത്ത് സർവ്വകലാശാല നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള എല്ലാ പരീക്ഷകളും കോവിഡ് മാനദണ്ഡം അനുസരിച്ച് മാറ്റമില്ലാതെ നടക്കും.
6. കോവിഡ് മാനദണ്ഡം അനുസരിച്ച് സർവ്വകലാശാല പരീക്ഷകൾ നടത്തേണ്ടതിനാൽ അദ്ധ്യാപകരുടെ അധിക സേവനം ആവശ്യമായി വരുന്നുവെങ്കിൽ അതിനുള്ള ക്രമീകരണങ്ങൾ സ്ഥാപന മേലധികാരിക്ക് നടത്താവുന്നതാണ്.
7. സർവ്വകലാശാല ആർട് സ് ,സ്പോർട് സ് മത്സരങ്ങൾ മധ്യവേനലവധിക്കാലത്ത് ആരംഭിക്കുന്ന സാഹചര്യത്തിൽ കോളേജ് തലത്തിൽ ഈ മത്സരങ്ങൾ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാകേണ്ടതാണ്.

**ഷിബി വി സി**
ഡെപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)

Draft #2 of File 68331/AC A1-3/2021/AC A 1 Approved by DEPUTY REGISTRAR I (ACADEMIC) on 29-Mar-2021 01:14 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം